**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4586** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഏകവരുമാന ദായകന്റെ മരണത്തിലുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഏക വരുമാന ദായക കുടുംബത്തിലെ കുടുംബനാഥന്/ നാഥ മരണപ്പെട്ടാൽ ലഭിക്കുന്ന ധനസഹായം സർക്കാർ തലത്തിൽ പാസായി രണ്ട് വർഷമായിട്ടും കുടുംബത്തിന് തുക ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **പട്ടികജാതി വിഭാഗത്തിന് അനുവദിക്കുന്ന** ഫണ്ടിന്റെ അപര്യാപ്തത മൂലം സമയബന്ധിതമായി തുക അനുവദിച്ച് നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ഹെൽത്ത് കെയർ ശീർഷകത്തിൽ വകയിരുത്തുന്ന തുകയിൽ നിന്നുമാണ് ഏകവരുമാനദായകൻ മരണപ്പെട്ടാൽ അനുവദിക്കുന്ന ധനസഹായം, ചികിത്സ സഹായം എന്നിവക്കുള്ള ഫണ്ട് കണ്ടെത്തുന്നത്. ശീർഷകത്തിൽ ലഭ്യമാകുന്ന തുക ചികിത്സ അപേക്ഷകൾക്ക് വേണ്ടിയും അനുവദിക്കേണ്ടി വരുന്നതു മൂലം അപേക്ഷകളിൽ കുടിശിക ഉണ്ടാകുന്നുണ്ട്.<br><br>ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മുൻഗണനാ ക്രമത്തിൽ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>**പട്ടികവർഗ്ഗ വിഭാഗത്തിന്** പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടതയനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് യഥാസമയം അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള കുടുംബങ്ങൾക്ക് തുക വേഗത്തിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മുൻഗണനാ ക്രമത്തിൽ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ